പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

## തൊഴിലുറപ്പ് പദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3308 — 12.12.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം | |
|---|---|---|---|
| **ശ്രീ.കെ.അജിത്** | | **ശ്രീ.കെ.സി.ജോസഫ്**<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി) | |
| (എ) | 2013-14 സാമ്പത്തിക വർഷം വൈക്കം നിയോജക മണ്ഡലത്തിൽപ്പെട്ട ഓരോ പഞ്ചായത്തിലും നഗരസഭയിലും തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലാളികൾക്ക് ശരാശരി എത്ര തൊഴിൽ ദിനങ്ങൾ വീതം നൽകിയെന്നും ഓരോ പഞ്ചായത്തിലും നഗരസഭയിലും ഇതിനായി എത്രരൂപ വീതം ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.<br><br>2013-14 സാമ്പത്തിക വർഷം വൈക്കം നഗരസഭയിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി പ്രകാരം ശരാശരി 55 തൊഴിൽ ദിനങ്ങൾ വരെ നൽകിയിട്ടുണ്ട്. വൈക്കം നഗരസഭയിൽ 2013-14 സാമ്പത്തിക വർഷം 62,26,336/- രൂപ ഈ പദ്ധതിക്കായി ചെലവഴിച്ചു. |
| (ബി) | വൈക്കം നിയോജക മണ്ഡലത്തിൽ 2013-14 വർഷത്തിലെ തൊഴിലുറപ്പ് പദ്ധതിയുടെ മുഴുവൻ തുകയും തൊഴിലാളികൾക്ക് നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ; | (ബി) | ഉദയനാപുരം ഗ്രാമപഞ്ചായത്തിലെ 31 തൊഴിലാളികൾക്ക് ഒഴികെ, വൈക്കം നിയോജക മണ്ഡലത്തിലെ എല്ലാ തൊഴിലാളികൾക്കും 2013-14 സാമ്പത്തിക വർഷത്തെ അർഹമായ വേതനം വിതരണം ചെയ്തിട്ടുണ്ട്. (ഉദയനാപുരം ഗ്രാമപഞ്ചായത്തിൽ നിന്നും, ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റത്തിന്റെ ഭാഗമായി, പ്രസ്തുത തൊഴിലാളികളുടെ വേതന വിതരണത്തിനായി പോസ്റ്റ് ഓഫീസിലേക്ക് അയച്ച ഫണ്ട് ട്രാൻസ്ഫർ ഓർഡറുകൾ സാങ്കേതിക കാരണങ്ങളാൽ പ്രോസസ്സിംഗ് നടത്താൻ കഴിയാത്ത സാഹചര്യമുണ്ടായതിനെ തുടർന്നാണ് മറ്റ് തൊഴിലാളികൾ ക്കൊപ്പം ഇവർക്ക് വേതന വിതരണം നടത്താൻ കഴിയാതെ വന്നത്. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>2013-14 സാമ്പത്തിക വർഷത്തിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി പ്രകാരം പദ്ധതികൾ നടപ്പാക്കിയതിൽ തൊഴിലാളികൾക്ക് കൂലിയിന |

| | | | |
|---|---|---|---|
| | | | ത്തിലും മറ്റും 15,00,000/- രൂപ നൽകുവാൻ ഉണ്ട്. |
| (സി) | 2014-15 സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം വൈക്കം നിയോജക മണ്ഡല ത്തിലെ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഇതുവരെ (November 22 വരെ) എത്ര തൊഴിൽ ദിനങ്ങൾ നൽകിയിട്ടു ണ്ടെന്നും ഇത് കഴിഞ്ഞ വർഷവുമായി പരിശോധിച്ചാൽ എത്രമാത്രം കുറവാണ് വന്നിട്ടുള്ളതെന്നും വ്യക്തമാക്കുമോ ; | (സി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.<br><br>2014-15 വർഷത്തിൽ നവംബർ മാസം 30-ാം തീയതി വരെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി ഫണ്ട് ലഭിക്കാതിരുന്നതു മൂലം ആരംഭിച്ചിരുന്നില്ല. 27.11.2014 ൽ ഫണ്ട് അനുവദിച്ചതിനാൽ 01.12.2014 മുതൽ പണി ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം 42,904 തൊഴിൽ ദിനങ്ങൾ നൽകിയിട്ടുണ്ട്. |
| (ഡി) | തൊഴിലുറപ്പ് പദ്ധതിക്കായി മുൻവർഷത്തെപ്പോലെ തന്നെ സർക്കാർ പണം അനുവദിച്ചിട്ടു ണ്ടോയെന്നും ഇല്ലെങ്കിൽ എത്രമാത്രമാണ് കുറവ് വന്നിട്ടുള്ളതെന്നും വ്യക്തമാക്കുമോ? | (ഡി) | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് ആവശ്യാധിഷ്ഠിതമായി ഫണ്ട് ലഭ്യമാകുന്നുണ്ട്. അയ്യങ്കാളി നഗര തൊഴിൽ ഉറപ്പ് പദ്ധതിയിൽ 2014-15 വർഷത്തിൽ വൈക്കം നഗരസഭയ്ക്ക് 50,00,000/- രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

| *ഗ്രാമ പഞ്ചായത്ത്* | *ശരാശരി തൊഴിൽ ദിന ങ്ങൾ* | *ചെലവഴിച്ച തുക (ലക്ഷത്തിൽ)* |
|---|---|---|
| ചെമ്പ് | 61 | 94.89 |
| മറവൻതുരുത്ത് | 79 | 164.509 |
| തലയാഴം | 66 | 203.08 |
| ടി.വി. പുരം | 36 | 61.36 |
| ഉദയനാപുരം | 72 | 190.843 |
| വെച്ചൂർ | 45 | 103.335 |

അനുബന്ധം 2

| *ഗ്രാമ പഞ്ചായത്ത്* | *തൊഴിൽ ദിനങ്ങൾ 2013-2014 (നവംബർ)* | *തൊഴിൽ ദിന ങ്ങൾ 2014-2015 (നവംബർ)* | *കുറവ് സംഭവിച്ച തൊഴിൽ ദിന ങ്ങളുടെ എണ്ണം* |
|---|---|---|---|
| ചെമ്പ് | 22659 | 21625 | 1034 |
| മറവൻതുരുത്ത് | 42787 | 32761 | 10026 |
| തലയാഴം | 25015 | 35634 | 0 |
| ടി.വി. പുരം | 10622 | 7390 | 3232 |
| ഉദയനാപുരം | 41716 | 17212 | 24504 |
| വെച്ചൂർ | 17627 | 32891 | 0 |